# പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3329      09/04/2013 ൽ മറുപടിക്ക്

## മദ്രസ്സാ വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുന്നതിന് പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ഇ.പി. ജയരാജൻ | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) മദ്രസ്സാ വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുന്നതിനും മദ്രസ്സകളിലൂടെ ശാസ്ത്രസാങ്കേതിക വിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിനുമായി എസ്.പി.ക്യൂ.ഇ.എം പദ്ധതിയിൽ ഉൾപ്പെടുത്തി 2012-13 സാമ്പത്തിക വർഷത്തിൽ എത്ര തുക കേന്ദ്ര വിഹിതമായി ലഭിക്കുകയുണ്ടായി; | എ) & ബി) | 2010-11 ലെ എസ്.പി.ക്യൂ.ഇ.എം പദ്ധതി വിഹിതത്തിലെ രണ്ടാം ഗഡുവായ 7,76,88,000/- രൂപ കേന്ദ്ര സർക്കാരിൽ നിന്നും 2012-13 സാമ്പത്തിക വർഷം ലഭിച്ചു. പ്രസ്തുത തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) പ്രസ്തുത തുക സംസ്ഥാനത്തെ ഓരോ ജില്ലയിലും എത്ര വീതം ലഭ്യമാക്കിയെന്ന് വ്യക്തമാക്കുമോ; | | |
| (സി) ഏത് ഏജൻസി മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ; | സി) | പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്. |
| (ഡി) ഈ പദ്ധതിക്ക് സാമ്പത്തിക സഹായം നൽകുന്നതിന് നിശ്ചയിക്കപ്പെട്ടിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ? | ഡി) | മാനദണ്ഡങ്ങൾ താഴെപ്പറയുന്നവയാണ്.<br>1. മൂന്ന് വർഷമായി സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നതും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ നിയമങ്ങൾക്ക് കീഴിൽ പ്രവർത്തിക്കുന്നതും മദ്രസ ബോർഡ് / വഖഫ് ബോർഡ് /നിയോസ് ഇവയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ മദ്രസകൾക്ക് അപേക്ഷിക്കാം.<br>2. മദ്രസ്സകളിൽ മേൽപറഞ്ഞ വിഷയങ്ങൾ പഠിപ്പിക്കുന്നതിന് മതിയായ യോഗ്യതയുള്ള |

അദ്ധ്യാപകർ ഉണ്ടായിരിക്കണം. ഓരോ വിഷയം പഠിക്കുന്നതിന് ചുരുങ്ങിയത് 10 വിദ്യാർത്ഥികൾ എങ്കിലും ഉണ്ടായിരിക്കണം.

സെക്ഷൻ ഓഫീസർ